Kerala Gazette No. 1 dated 5th January 2021.
**PART I** **Section iii**

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

## വിജ്ഞാപനം

2020 സെപ്റ്റംബർ 28

നമ്പർ 6726/ലെഗ്.എച്ച്.2/2020/നിയമം. തിരുവനന്തപുരം, 1196 കന്നി 12

1942 ആശ്വിനം 6.

2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു, പി. കെ.,
നിയമ സെക്രട്ടറി.

## 2020-ലെ 58-ാം നമ്പർ ഓർഡിനൻസ്

# 2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 27) 2020 ഏപ്രിൽ 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ആഗസ്റ്റ് 24-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനക്കാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 27) 2020 ഒക്ടോബർ 5-ാം തീയതി പ്രാബല്യമില്ലാതായി തീരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ഓർഡിനൻസിന് 2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) 3-ാം വകുപ്പും 4-ാം വകുപ്പിന്റെ (i) ഖണ്ഡവും 2020 ജനുവരി 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പിന്റെ (ii) ഖണ്ഡം 2020 ഏപ്രിൽ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. <u>1969-ലെ 21-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.</u>—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ, 1969-ലെ കേരള സഹകരണ സംഘ ആക്റ്റിന് (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ഉം 4-ഉം വകുപ്പുകളിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. <u>2-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെയുള്ള അതിലെ അംഗങ്ങൾക്ക് വായ്പ നൽകുന്നതിലേക്കായി ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെയുള്ളതും, 74 <u>എച്ച്</u> വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമോ (1) (എ) ഉപവകുപ്പ് പ്രകാരമോ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തൊട്ടുമുമ്പ് ഈ ആക്റ്റിൻ കീഴിൽ നിലനിന്നിരുന്നതും, അത്തരം ഉത്തരവുകൾ ഹേതുവായി നിലനില്പ് അവസാനിച്ചതുമായ ഒരു കേന്ദ്രസംഘം എന്നർത്ഥമാകുന്നു:

എന്നാൽ, ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗം 14<u>എ</u> വകുപ്പിൻ കീഴിലുള്ള പ്രമേയം പാസ്സാക്കാത്തപക്ഷം, അത് ഈ ഓർഡിനൻസ് നിലവിൽ വരുന്ന തീയതി മുതൽ ഒരു വർഷം വരെയോ അല്ലെങ്കിൽ 74 <u>എച്ച്</u> വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) ഖണ്ഡങ്ങൾ പ്രകാരം രജിസ്ട്രാർ നടപടി പൂർത്തിയാക്കുന്നവരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം തുടരുന്നതാണ്.".

4. 74 എച്ച് വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിൽ 74എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ഖണ്ഡങ്ങൾ അവസാനമായി കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(എ) ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗം 14 എ വകുപ്പിൻ കീഴിൽ പ്രമേയം പാസ്സാക്കാത്തപക്ഷം, പൊതു താൽപ്പര്യാർത്ഥം രജിസ്ട്രാർക്ക് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുമായി കൂടിയാലോചിച്ചശേഷം അത്തരം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചുകൊണ്ട് ഉത്തരവാകാവുന്നതാണ്. ഈ ഖണ്ഡത്തിൻ കീഴിലുള്ള യാതൊരു ഉത്തരവും,—

(i) നിർദ്ദിഷ്ട ലയന ഉത്തരവിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട അംഗസംഘത്തിനോ അംഗസംഘങ്ങൾക്കോ അവയുടെ ആക്ഷേപങ്ങൾക്കും നിർദേശങ്ങൾക്കുമായി രജിസ്റ്റർ ചെയ്ത തപാലായി അയച്ചുകൊടുക്കുകയും, സംഘം സ്ഥിതിചെയ്യുന്ന ജില്ലയിൽ വ്യാപകമായി പ്രചാരമുള്ള തദ്ദേശ ഭാഷയിലുള്ള രണ്ട് ദിനപത്രങ്ങളിൽ അത് പ്രസിദ്ധീകരിക്കുകയും;

(ii) ബന്ധപ്പെട്ട സംഘത്തിൽ നിന്നോ സംഘങ്ങളിൽ നിന്നോ അത്തരം സംഘത്തിന്റെയോ സംഘങ്ങളുടെയോ ഏതെങ്കിലും അംഗത്തിൽ നിന്നോ ക്രെഡിറ്ററിൽ നിന്നോ രജിസ്ട്രാർ ഇതിലേക്കായി വിനിർദ്ദേശിക്കാവുന്ന നിർദ്ദിഷ്ട ലയന ഉത്തരവ് പോസ്റ്റ് ചെയ്ത തീയതി മുതൽ പതിനഞ്ച് ദിവസത്തിൽ കുറയാത്ത അത്തരം കാലാവധിക്കുള്ളിൽ ലഭിച്ച ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, രജിസ്ട്രാർ പരിഗണിക്കുകയും,

ചെയ്യാതെ, പാസാക്കാൻ പാടില്ലാത്തതാകുന്നു.

(ബി) (എ) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം രജിസ്ട്രാർക്ക് നിർദ്ദിഷ്ട ഉത്തരവിൽ അദ്ദേഹത്തിന് ഉചിതമെന്ന് കരുതുന്ന അപ്രകാരമുള്ള ഭേദപ്പെടുത്തലുകൾ വരുത്താവുന്നതും, കൂടാതെ ഉത്തരവിൽ, അത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമെന്ന് രജിസ്ട്രാർ കരുതുന്ന, അത്തരം ആനുഷംഗികവും തജ്ജന്യവും അനുബന്ധവുമായ വ്യവസ്ഥകൾ അടങ്ങിയിരിക്കേണ്ടതുമാണ്;

(സി) (ബി) ഉപഖണ്ഡത്തിന് കീഴിലുള്ള നിർദ്ദിഷ്ട ഉത്തരവിനെ എതിർത്ത ഒരു അംഗത്തിനോ ക്രെഡിറ്റർക്കോ, ഏതു സംഘത്തിലാണോ അയാളുടെ ഓഹരിയോ, നിക്ഷേപമോ, കുടിശ്ശികയായ വായ്പയോ നീക്കിവച്ചിട്ടുള്ളത് ആ

സംഘത്തിൽ, അപ്രകാരമുള്ള ഉത്തരവ് മുതൽ മുപ്പത് ദിവസ കാലാവധിക്കുള്ളിൽ അപേക്ഷ നൽകിക്കൊണ്ട്, അയാളുടെ ഓഹരിയും നിക്ഷേപവും/ഓഹരിയോ നിക്ഷേപമോ, അതതു സംഗതിപോലെ, പിൻവലിക്കുകയോ അടച്ച് തീർക്കുകയോ ചെയ്യുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്;

(ഡി) ലയനത്തോടെ, ഈ അദ്ധ്യായത്തിലെ പ്രസക്തമായ മറ്റെല്ലാ വ്യവസ്ഥകളും, അനുയോജ്യമായ മാറ്റങ്ങളോടെ, ഖണ്ഡം (എ)-ക്ക് കീഴിൽ ലയിപ്പിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.".

(ii) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) 74 എച്ച് വകുപ്പിന്റെ (1) (എ) ഉപവകുപ്പിന്റെ കീഴിൽ, രജിസ്ട്രാർ ലയന ഉത്തരവ് പാസാക്കുന്ന തീയതിയിലും അന്നുമുതലും, ലയന ഉത്തരവിന് തൊട്ടുമുമ്പായി നിലകൊണ്ട പ്രകാരമുള്ള, ജില്ലാ സഹകരണ ബാങ്കിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും യാതൊരു തുടർനടപടിയോ, ഇൻസ്ട്രുമെന്റോ, കരണമോ ഇല്ലാതെ കേരള സംസ്ഥാന സഹകരണ ബാങ്കിലേക്ക് മാറ്റപ്പെടുകയും നിക്ഷിപ്തമാക്കപ്പെടുകയും ചെയ്യുന്നതാണ്.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

**ആരിഫ് മുഹമ്മദ് ഖാൻ,**
ഗവർണ്ണർ.

(ശരിത്തർജ്ജമ)

എസ്. സന്ധ്യ,
അഡീഷണൽ നിയമ സെക്രട്ടറി.